## വില്ലേജ് ആഫീസിൽ നിന്നും ലഭിക്കുന്ന സേവനങ്ങൾ

| | സേവനങ്ങളുടെ വിവരം | അപേക്ഷകൻ പാലിക്കേണ്ട നിബന്ധനകൾ | ഫീസ് | സേവനംലഭ്യമാക്കുന്ന സമയ പരിധി | നിയുക്ത ഉദ്യോഗസ്ഥൻ സംസ്ഥാന ആവശ്യത്തിന് | നിയുക്ത ഉദ്യോഗസ്ഥൻ സംസ്ഥാനത്തിന് പുറത്ത് | റിമാർക്ക് |
|---|---|---|---|---|---|---|---|
| 1. | വരുമാന സർട്ടിഫിക്കറ്റ് | അക്ഷയ സെന്റർ വഴി ഓൺലൈനായി അപേക്ഷിക്കുക or 5 രൂപ കോർട്ട് ഫീസ്റ്റാമ്പ് പതിച്ച് നിശ്ചിത ഫാറത്തിൽ അപേക്ഷ സമർപ്പിക്കുക. | ഇല്ല | 6 ദിവസത്തിനകം | വില്ലേജ് ഓഫീസർ | തഹസീൽദാർ | |
| 2. | ജാതി സർട്ടിഫിക്കറ്റ് | എസ്.സി, എസ്.റ്റി, ഒ.ബി.സിവിഭാഗക്കാർ ഒഴികെയുള്ളവർ നിശ്ചിത ഫോറത്തിൽ 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച് അപേക്ഷിക്കുക. എസ്.സി, എസ്.റ്റി, ഒ.ബി.സി വിഭാഗക്കാർ അക്ഷയവഴി ഓൺലൈനായോ നിശ്ചിത ഫാറത്തിലോ അപേക്ഷിക്കുക. | ഇല്ല | ജാതിസംബന്ധിച്ച് സംശയം ഇല്ലാത്ത കേസുകളിൽ 3 ദിവസം (പട്ടികജാതി/പട്ടികവർഗ്ഗം ഒഴികെ) | വില്ലേജ് ഓഫീസർ | തഹസീൽദാർ | (എ സ്. സി, എസ്.റ്റി വിഭാഗങ്ങൾക്ക് തഹസീൽദാർ) |
| 3. | വാല്വേഷൻ സർട്ടിഫിക്കറ്റ് 5 ലക്ഷം രൂപ വരെ | വെള്ളപേപ്പറിൽ 5 രൂപ കോർട്ട്ഫീസ് സ്റ്റാമ്പ് പതിച്ച് അപേക്ഷിക്കുക | ഇല്ല | 15 ദിവസം | വില്ലേജ് ഓഫീസർ | തഹസീൽദാർ | 5 ലക്ഷത്തിനു മുകളിൽ തഹസീൽദാർ |
| 4. | റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് | അക്ഷയ സെന്റർ വഴി ഓൺലൈനായി അപേക്ഷിക്കുക or 5 രൂപ കോർട്ട്ഫീ സ്റ്റാമ്പ് പതിച്ചനിശ്ചിത ഫാറത്തിൽ അപേക്ഷ നേരിട്ട് സമർപ്പിക്കുക | ഇല്ല | 3 ദിവസം | വില്ലേജ് ഓഫീസർ | തഹസീൽദാർ | |
| 5. | കൈവശാവകാശ സർട്ടിഫിക്കറ്റ് | അക്ഷയ സെന്റർ വഴി ഓൺലൈനായി അപേക്ഷിക്കുക or 5 രൂപ കോർട്ട്ഫീ സ്റ്റാമ്പ് പതിച്ചനിശ്ചിത ഫാറത്തിൽ അപേക്ഷ നേരിട്ട് സമർപ്പിക്കുക | ഇല്ല | 7 ദിവസത്തിനകം | വില്ലേജ് ഓഫീസർ | തഹസീൽദാർ | |
| 6. | റിലേഷൻഷിപ് സർട്ടിഫിക്കറ്റ് | അക്ഷയ സെന്റർ വഴി ഓൺലൈനായി അപേക്ഷിക്കുക or 5 രൂപ കോർട്ട്ഫീ സ്റ്റാമ്പ് പതിച്ചനിശ്ചിത ഫാറത്തിൽ അപേക്ഷ നേരിട്ട് സമർപ്പിക്കുക | ഇല്ല | 6 ദിവസത്തിനകം | വില്ലേജ് ഓഫീസർ | തഹസീൽദാർ | |
| 7. | ഫാമിലി മെമ്പർഷിപ് സർട്ടിഫിക്കറ്റ് | അക്ഷയ സെന്റർ വഴി ഓൺലൈനായി അപേക്ഷിക്കുക or 5 രൂപ കോർട്ട്ഫീ സ്റ്റാമ്പ് പതിച്ചനിശ്ചിത ഫാറത്തിൽ അപേക്ഷ നേരിട്ട് സമർപ്പിക്കുക | ഇല്ല | 6 ദിവസത്തിനകം | വില്ലേജ് ഓഫീസർ | തഹസീൽദാർ | (എ സ്. സി, എസ്.റ്റി വിഭാഗങ്ങൾക്ക് തഹസീൽദാർ) |

## വില്ലേജ് ഓഫീസിൽ നിന്നും ലഭിക്കുന്ന സേവനങ്ങൾ

| ക്രമ നമ്പർ | സേവനങ്ങളുടെ വിവരം | അപേക്ഷകൻ പാലിക്കേണ്ട നിബന്ധനകൾ | ഫീസ് | സേവനം ലഭ്യമാക്കുന്ന സമയ പരിധി | നിയുക്ത ഉദ്യോഗസ്ഥൻ സംസ്ഥാന ആവശ്യത്തിന് | നിയുക്ത ഉദ്യോഗസ്ഥൻ സംസ്ഥാനത്തിന് പുറത്ത് | റിമാർക്ക് |
|---|---|---|---|---|---|---|---|
| 8. | സോൾവൻസി സർട്ടിഫിക്കറ്റ് (5 ലക്ഷം വരെ) | വെള്ളപേപ്പറിൽ 5 രൂപ കോർട്ട്ഫീസ് സ്റ്റാമ്പ് പതിച്ച് അപേക്ഷ സമർപ്പിക്കുക | ഇല്ല | 15 ദിവസത്തിനകം | വില്ലേജ് ഓഫീസർ | തഹസിൽദാർ | (5 ലക്ഷത്തിനു മുകളിൽ തഹസിൽദാർ |
| 9. | ഡൊമിസിയൽ സർട്ടിഫിക്കറ്റ്/ നേറ്റിവിറ്റി സർട്ടിഫിക്കറ്റ് | അക്ഷയസെന്റർ വഴി ഓൺലൈനായോ 5 രൂപ കോർട്ട്ഫീ സ്റ്റാമ്പ് പതിച്ചനിശ്ചിത ഫാറത്തിലോ അപേക്ഷ സമർപ്പിക്കുക | ഇല്ല | 3 ദിവസത്തിനകം / 5 ദിവസത്തിനകം | വില്ലേജ് ഓഫീസർ | തഹസിൽദാർ | |
| 10. | തിരിച്ചറിയൽ സർട്ടിഫിക്കറ്റ് | അക്ഷയസെന്റർ വഴി ഓൺലൈനായോ 5 രൂപ കോർട്ട്ഫീ സ്റ്റാമ്പ് പതിച്ചനിശ്ചിത ഫാറത്തിലോ അപേക്ഷ സമർപ്പിക്കുക | ഇല്ല | 5 ദിവസത്തിനകം | വില്ലേജ് ഓഫീസർ | തഹസിൽദാർ | |
| 11. | വിധവ സർട്ടിഫിക്കറ്റ് | അക്ഷയസെന്റർ വഴി ഓൺലൈനായോ 5 രൂപ കോർട്ട്ഫീ സ്റ്റാമ്പ് പതിച്ചനിശ്ചിത ഫാറത്തിലോ അപേക്ഷ സമർപ്പിക്കുക | ഇല്ല | 5 ദിവസത്തിനകം | വില്ലേജ് ഓഫീസർ | തഹസിൽദാർ | |
| 12. | നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് | അക്ഷയസെന്റർ വഴി ഓൺലൈനായോ 5 രൂപ കോർട്ട്ഫീ സ്റ്റാമ്പ് പതിച്ചനിശ്ചിത ഫാറത്തിലോ അപേക്ഷ സമർപ്പിക്കുക | ഇല്ല | 5 ദിവസത്തിനകം | വില്ലേജ് ഓഫീസർ | തഹസിൽദാർ | എസ്.സി., എസ്.റ്റി വിഭാഗക്കാർക്ക് തഹസിൽദാർ |
| 13. | ലൈഫ് സർട്ടിഫിക്കറ്റ് | അക്ഷയസെന്റർ വഴി ഓൺലൈനായോ 5 രൂപ കോർട്ട്ഫീ സ്റ്റാമ്പ് പതിച്ചനിശ്ചിത ഫാറത്തിലോ അപേക്ഷ സമർപ്പിക്കുക | ഇല്ല | 5 ദിവസത്തിനകം | വില്ലേജ് ഓഫീസർ | തഹസിൽദാർ | |
| 14. | വൺ & സെയിം സർട്ടിഫിക്കറ്റ് | അക്ഷയസെന്റർ വഴി ഓൺലൈനായോ 5 രൂപ കോർട്ട്ഫീ സ്റ്റാമ്പ് പതിച്ച് നിശ്ചിത ഫാറത്തിലോ അപേക്ഷ സമർപ്പിക്കുക | ഇല്ല | 5 ദിവസത്തിനകം | വില്ലേജ് ഓഫീസർ | തഹസിൽദാർ | |
| 15. | നോൺ ക്രിമിലയർ സർട്ടിഫിക്കറ്റ് | നിശ്ചിത ഫാറത്തിൽ 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച് അപേക്ഷ സമർപ്പിക്കുക | ഇല്ല | 7 ദിവസത്തിനകം | വില്ലേജ് ഓഫീസർ | തഹസിൽദാർ | |

## വില്ലേജ് ആഫീസിൽ നിന്നും ലഭിക്കുന്ന സേവനങ്ങൾ

| | സേവനങ്ങളുടെ വിവരം | അപേക്ഷകൾ പാലിക്കേണ്ട നിബന്ധനകൾ | ഫീസ് | സേവനംലഭ്യമാക്കുന്ന സമയ പരിധി | നിയുക്ത ഉദ്യോഗസ്ഥൻ സംസ്ഥാന ആവശ്യത്തിന് | നിയുക്ത ഉദ്യോഗസ്ഥൻ സംസ്ഥാനത്തിന് പുറത്ത് | റിമാർക്ക് |
|---|---|---|---|---|---|---|---|
| 16. | അഗതി സർട്ടിഫിക്കറ്റ് | അക്ഷയസെന്റർ വഴി ഓൺലൈനായി അപേക്ഷിക്കുക or 5 രൂപ കോർട്ട്ഫീ സ്റ്റാമ്പ് പതിച്ച് നിശ്ചിത ഫാറത്തിൽ അപേക്ഷ സമർപ്പിക്കുക | ഇല്ല | 5 ദിവസത്തിനകം | വില്ലേജ് ഓഫീസർ | തഹസീൽദാർ | |
| 17. | ആശ്രിത സർട്ടിഫിക്കറ്റ് | അക്ഷയസെന്റർ വഴി ഓൺലൈനായി അപേക്ഷിക്കുക or 5 രൂപ കോർട്ട്ഫീ സ്റ്റാമ്പ് പതിച്ച് നിശ്ചിത ഫാറത്തിൽ അപേക്ഷ സമർപ്പിക്കുക | ഇല്ല | 7 ദിവസത്തിനകം | വില്ലേജ് ഓഫീസർ | തഹസീൽദാർ | |
| 18. | പൊസഷൻ & നോൺ അറ്റാച്ച്മെന്റ് സർട്ടിഫിക്കറ്റ് | അക്ഷയസെന്റർ വഴി ഓൺലൈനായി അപേക്ഷിക്കുക or 5 രൂപ കോർട്ട്ഫീ സ്റ്റാമ്പ് പതിച്ച് നിശ്ചിത ഫാറത്തിൽ അപേക്ഷ സമർപ്പിക്കുക | ഇല്ല | 7 ദിവസത്തിനകം | വില്ലേജ് ഓഫീസർ | തഹസീൽദാർ | |
| 19. | ലൊക്കേഷൻ സർട്ടിഫിക്കറ്റ് | അക്ഷയസെന്റർ വഴി ഓൺലൈനായി അപേക്ഷിക്കുക or 5 രൂപ കോർട്ട്ഫീ സ്റ്റാമ്പ് പതിച്ച് നിശ്ചിത ഫാറത്തിലോ അപേക്ഷ സമർപ്പിക്കുക | ഇല്ല | 5 ദിവസത്തിനകം | വില്ലേജ് ഓഫീസർ | തഹസീൽദാർ | |
| 20. | പോക്കുവരവ് (സബ്ഡിവിഷൻ ഇല്ലാത്ത കേസുകൾ) | എ ഫോം, അല്ലെങ്കിൽ ആധാരപകർപ്പ് സഹിതം അപേക്ഷിക്കുക. | ഇല്ല | നിയമതടസമോ, സാങ്കേതിക തടസമോ ഇല്ലാത്ത കേസുകളിൽ 40 ദിവസം | വില്ലേജ് ഓഫീസർ | തഹസീൽദാർ | 5. ആർ. വരെ-38 രൂ. 5 ആർ മുതൽ 20 ആർ വരെ 75 രൂപ, 20 ആർ മുതൽ 40 ആർ വരെ 150 രൂപ 40 ആർ -2 ഹെക്ടർ വരെ 300 രൂപ2 ഹെക്ടർ മുകളിൽ 750 രൂപ |

## കൃഷിഭവൻ മുഖേന ലഭ്യമാകുന്ന സേവനങ്ങൾ

അധികാരപ്പെട്ട ഉദ്യോഗസ്ഥൻ: കൃഷി ഓഫീസർ

ഫോൺ 0474 2615162, 8281280072
E. mail :- Pattazhinorth.kb@gmail.com

| ക്ര മ നമ്പർ | സേവനങ്ങളുടെ വിവരം | അപേക്ഷകൻ പാലിക്കേണ്ട നിബന്ധനകൾ | സേവനംലഭ്യമാക്കുന്ന സമയ പരിധി | നൽകേണ്ട ഫീസ് | റിമാർക്ക് |
|---|---|---|---|---|---|
| 1. | കാർഷിക സാങ്കേതിക സേവനങ്ങൾ/ നിർദ്ദേശങ്ങൾ | കൃഷിഭവനിൽ ബന്ധപ്പെടുക | പരമാവധി 2 പ്രവൃത്തി ദിവസത്തിനുള്ളിൽ സ്ഥലം സന്ദർശിച്ച് ഉചിതമായ നിർദ്ദേശങ്ങൾ നൽകുന്നതാണ്. | ഇല്ല | |
| 2. | പ്രകൃതിക്ഷോഭം മൂലമുള്ള കൃഷിനാശങ്ങൾക്കുള്ള നഷ്ടപരിഹാരം | കൃഷിഭവനിൽ അറിയിക്കുക നിശ്ചിത ഫോത്തിൽ ഒരാഴ്ചക്കുള്ളിൽ കൃഷിഭവനിൽ അപേക്ഷ നൽകുക | സർക്കാർ ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് | ഇല്ല | സർക്കാർ നിശ്ചയിച്ച നിരക്ക് പ്രകാരം |
| 3. | നടീൽ വസ്തുക്കളുടെ വിതരണം/ വില്പന | കൃഷിഭവനിൽ അപേക്ഷ നൽകുക/ സമീപിക്കുക | നടീൽ വസ്തുക്കൾ ലഭ്യമാണെങ്കിൽ തൽസമയം/ലഭിക്കുന്ന മുറയ്ക്ക് | നിശ്ചിത വില നൽകണം (സൗജന്യമായുംചിലപ്പോൾ ലഭ്യമാകും) | പ്രധാനമായും നടീൽ കാലത്തിൽ ബന്ധപ്പെടുക. |
| 4. | കാർഷിക പരിശീലനങ്ങൾ | കൃഷിഭവനിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യുക | രണ്ടുമാസത്തിനുള്ളിൽ/ ഫണ്ടു ലഭ്യമാകുന്ന മുറയ്ക്ക് | ഇല്ല | |
| 5. | ജലസേചനാവശ്യത്തിന് പുതിയ വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ്/വൈദ്യുതി സൗജന്യം | സർക്കാർ മാനദണ്ഡപ്രകാരം യോഗ്യരായ അപേക്ഷകർ പമ്പ് സെറ്റ് വാങ്ങിയ ഉടനെ അപേക്ഷ നൽകുക (ജലസേചനം നടത്തേണ്ട കൃഷി ഉണ്ടായിരിക്കണം). | അപേക്ഷ നൽകി 5 പ്രവൃത്തി ദിവസത്തിനുള്ളിൽ | ഇല്ല | |
| 6. | സർക്കാർ നടപ്പാക്കുന്ന കാർഷിക വികസന പദ്ധതി സഹായങ്ങൾ | പദ്ധതി മാനദണ്ഡപ്രകാരം യോഗ്യരായ കർഷകർ കൃഷിഭവനിൽ അപേക്ഷ നൽകുക. പ്രസക്തമായ കൃഷി ചെയ്യണം. കൃഷിഭവൻ നിർദ്ദേശങ്ങൾപ്രകാരം ശാസ്ത്രീയമായ കൃഷിരീതികൾ അവലംബിക്കണം | സർക്കാർ ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് ബാങ്ക് അക്കൗണ്ട് മുഖേന സാമ്പത്തിക സഹായം നൽകുന്നു. | ഇല്ല | |

| ക്രമ നമ്പർ | സേവനങ്ങളുടെ വിവരം | അപേക്ഷകൻ പാലിക്കേണ്ട നിബന്ധനകൾ | സേവനംലഭ്യമാക്കുന്ന സമയ പരിധി | നൽകേണ്ട ഫീസ് | റിമാർക്ക് |
|---|---|---|---|---|---|
| 7. | ഗ്രാമപഞ്ചായത്ത് നടപ്പാക്കുന്ന കാർഷിക വികസന പദ്ധതികൾ | പദ്ധതി മാനദണ്ഡങ്ങൾ പ്രകാരം യോഗ്യരായ കർഷകർ ഗ്രാമസഭ മുഖേന അപേക്ഷ സമർപ്പിക്കുക.മുൻഗണനാ പട്ടിക പ്രകാരം യോഗ്യരാകണം. | കൃഷി തുപ്തികരമായി ഏറ്റെടുക്കുന്ന മുറയ്ക്ക് | തുണ രേഖ കൃത്യ വിഹിതം നിർദ്ദേശിച്ച പ്രകാരം ഒടുക്കണം. | |
| 8. | മണ്ണ് പരിശോധന | നിശ്ചിത രീതിയിൽ ശേഖരിച്ച മണ്ണ് സാമ്പിളുകൾ കൃഷിഭവനിൽ എൽപ്പിക്കുക | ഒരു മാസത്തിനുള്ളിൽ | ഇല്ല | |
| 9. | വിള ഇൻഷുറൻസ് പദ്ധതി | നിശ്ചിതഫാത്തിലുള്ള അപേക്ഷ നിശ്ചിത പ്രീമിയം തുക എന്നിവ കൃഷിഭവനിൽ നൽകുക. | ഇൻഷുർ ചെയ്ത വിള നശിച്ചാൽ നിബന്ധനകൾക്കു വിധേയമായി നഷ്ടപരിഹാരം ലഭിക്കുന്നു.(ഫണ്ട് ലഭ്യതാനുസരണം) സാധാരണ 2 മാസത്തിനുള്ളിൽ | നിശ്ചിത പ്രീമിയം തുക | |
| 10. | കാർഷിക വായ്പ ലഭിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ് (ബാങ്കുകളിലേക്ക്) | കൃഷിഭവനിൽ ബന്ധപ്പെടുക ഭൂമി സംബന്ധമായ രേഖകൾ ബോധ്യപ്പെടുത്തുക | പരമാവധി 3 പ്രവൃത്തി ദിവസങ്ങൾക്കുള്ളിൽ | ഇല്ല | |
| 11. | മാസവള/ജൈവവള കീടനാശിനി ഡിപ്പോകൾക്കുള്ള ലൈസൻസ് (റീട്ടെയിൽ) | നിശ്ചിതഫാറത്തിൽ അനുബന്ധരേഖകൾ, ഗ്രാമപഞ്ചായത്തിന്റെ നിരാക്ഷേപ പത്രം എന്നിവ സഹിതം അപേക്ഷ നൽകുക. | അപേക്ഷനൽകി 15 ദിവസത്തിനകം രജിസ്റ്ററിംഗ് അതോറിറ്റിക്ക് സമർപ്പിക്കുന്നതാണ്. | വള 38 / രൂപ കീടനാശിനി 300/ - (ട്രഷറിയിൽ ഒടുക്കുക) | |
| 12. | കേര കർഷകൻ - കാർഷിക പ്രസിദ്ധീകരണം | താല്പര്യമുള്ള കർഷകർ/ വ്യക്തികൾ കൃഷിഭവനിൽ ബന്ധപ്പെടുക | വരിസംഖ്യ ഒടുക്കി പരമാവധി 2 മാസത്തിനുള്ളിൽ പ്രസിദ്ധീകരണം ലഭിച്ചുതുടങ്ങും | വാർഷിക വരിസംഖ്യ 100 രൂപ | |

| ക്രമ നമ്പർ | സേവനങ്ങളുടെ വിവരം | അപേക്ഷകർ പാലിക്കേണ്ട നിബന്ധനകൾ | സേവനംലഭ്യമാക്കുന്ന സമയ പരിധി | നൽകേണ്ട ഫീസ് | റിമാർക്ക് |
|---|---|---|---|---|---|
| 13. | കർഷക പെൻഷൻ | 60 വയസ്സ് പൂർത്തീകരിക്കണം, കൃഷി മുഖ്യ ഉപ ജീവനമാർഗ്ഗം നിശ്ചിത ഫോറത്തിൽ അപേക്ഷ അനുബന്ധ രേഖകൾ സഹിതം സമർപ്പിക്കുക | ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് | രജിസ്ട്രേഷൻ ഫീസ് 25 രൂപ | |

## കുറിപ്പ്:

തദ്ദേശഭരണസ്ഥാപനങ്ങൾ, സംസ്ഥാന സർക്കാർ, കേന്ദ്രസർക്കാർ, മറ്റ് ഏജൻസികൾ എന്നിവ വിള അടിസ്ഥാനത്തിൽ വിവിധ വികസന പദ്ധതികൾ നടപ്പാക്കുന്നുണ്ട്. അതത് വിളകൾ കൃഷി ആരംഭിക്കുമ്പോൾ കൃഷിഭവനുമായി ബന്ധപ്പെടുക. സാങ്കേതിക സഹായങ്ങൾ തൽസമയം ലഭ്യമാകുന്നതാണ്. സാമ്പത്തിക സഹായങ്ങൾ ബാങ്ക് അക്കൗണ്ടുകൾ വഴി മാത്രം വിതരണം ചെയ്യുന്നു.

## പ്രാഥമികാരോഗ്യകേന്ദ്രത്തിൽ നിന്നും ലഭിക്കുന്ന സേവനങ്ങൾ

| ക്രമ നമ്പർ | സേവനങ്ങളുടെ വിവരം | അപേക്ഷകൻ പാലിക്കേണ്ട നിബന്ധനകൾ | സേവനംലഭ്യമാക്കുന്ന സമയ പരിധി | ഫീസ് |
|---|---|---|---|---|
| 1. | ഡോക്ടറുടെ സേവനം, മരുന്ന് | രാവിലെ 9 മണി മുതൽ 1 മണി വരെ, ഉച്ചയ്ക്ക് 2 മണി മുതൽ 3 മണി വരെ ഓഫീസ് പ്രവർത്തനം | തത്സമയം | ഇല്ല |
| 2. | മെഡിക്കൽ സർട്ടിഫിക്കറ്റ് | ആവശ്യക്കാർ ഡ്യൂട്ടി സമയത്ത് നേരിട്ട് ഡോക്ടറെ സമീപിക്കുക | തത്സമയം | 100 രൂപ |
| 3. | ഏജ് സർട്ടിഫിക്കറ്റ് | റേഷൻകാർഡ് അല്ലെങ്കിൽ ഐഡന്റിറ്റി സർട്ടിഫിക്കറ്റ് സഹിതം ആവശ്യക്കാരൻ ഡ്യൂട്ടി സമയത്ത് ഡോക്ടറെ നേരിട്ട് സമീപിക്കുക. | തത്സമയം | ഇല്ല |
| 4. | കുട്ടികൾക്കുള്ള രോഗപ്രതിരോധ കുത്തിവയ്പ് എ) ബി.സി.ജി | മാസത്തിലെ അവസാനത്തെ ബുധനാഴ്ച ഡ്യൂട്ടി സമയത്ത് കുട്ടിയെ ആരോഗ്യ കേന്ദ്രത്തിലെത്തിക്കുക. | തത്സമയം | ഇല്ല |
| | ബി) പെന്റാവാലന്റ് & പോളിയോ | എല്ലാ ബുധനാഴ്ചയും ഡ്യൂട്ടിസമയത്ത് കുട്ടിയെ ആരോഗ്യ കേന്ദ്രത്തിലെത്തിക്കുക. | തത്സമയം | ഇല്ല |
| | സി) മീസിൽസ് വാക്സിൻ | കുട്ടിയ്ക്ക് 9 മാസം പൂർത്തിയായാലുടൻ തൊട്ടടുത്ത ബുധ നാഴ്ച ഡ്യൂട്ടി സമയത്ത് ആരോഗ്യകേന്ദ്രത്തിലെത്തിക്കണം | തത്സമയം | ഇല്ല |
| | ഡി) വിറ്റാമിൻ എ തുള്ളിമരുന്ന് | 10 മാസം മുതൽ 5 വയസ് വരെ പ്രായമുള്ള കുട്ടികൾക്ക് 6 മാസം ഇടവിട്ട് 9 തവണ ലഭിക്കത്തക്ക രീതിയിൽ ഡ്യൂട്ടി സമയത്ത് ആരോഗ്യ കേന്ദ്രത്തിലെത്തിക്കുക | തത്സമയം | ഇല്ല |
| | ഇ) ഗർഭിണികൾക്ക് റ്റി.റ്റി കുത്തിവയ്പ് | ഡ്യൂട്ടി സമയത്ത് ആരോഗ്യകേന്ദ്രത്തെ സമീപിക്കുക | തത്സമയം | ഇല്ല |
| | എഫ്) വിളർച്ചയ്ക്കുള്ള മരുന്ന് വിതരണം | വിളർച്ച ബാധിച്ച കുട്ടികളും മുതിർന്നവരും ആരോഗ്യകേന്ദ്രത്തെ സമീപിക്കുക | തത്സമയം | ഇല്ല |
| | ജി. കുട്ടികൾക്ക് സ്കൂളുകൾ കേന്ദ്രീകരിച്ച് കുത്തിവയ്പ് | | തത്സമയം | ഇല്ല |

| ക്രമ നമ്പർ | സേവനങ്ങളുടെ വിവരം | അപേക്ഷകൻ പാലിക്കേണ്ട നിബന്ധനകൾ | സേവനംലഭ്യമാക്കുന്ന സമയ പരിധി | ഫീസ് |
|---|---|---|---|---|
| | **എച്ച്. ദേശീയ രോഗനിയന്ത്രണ പരിപാടിയനുസരിച്ച് ക്ഷയം, കുഷ്ഠം, മലമ്പനി, മന്ത്, വയറിളക്കരോഗങ്ങൾ എന്നിവയ്ക്കെതിരെ പ്രത്യേക ചികിത്സ** | ഡ്യൂട്ടി സമയത്ത് ആരോഗ്യകേന്ദ്രത്തിൽ എത്തി ചികിത്സതേടുക. മലേറിയകണ്ടെത്താൻരക്ത പരിശോധന നടത്തുക. | തത്സമയം | ഇല്ല |
| | **ഐ. വയറിളക്ക രോഗനിയന്ത്രണത്തിന് ക്ലോറിനേഷൻ ഒ. ആർ. എസ്.** | ആരോഗ്യകേന്ദ്രത്തെ സമീപിക്കുക | തത്സമയം | ഇല്ല |
| 5. | ജീവിതശൈലീരോഗനിയന്ത്രണ ക്ലിനിക് | | തത്സമയം | ഇല്ല |
| 6. | കിടപ്പിലായ രോഗികൾക്ക് ചികിത്സയും ഗൃഹ കേന്ദ്രീകൃത പരിചരണവും | | തത്സമയം | ഇല്ല |
| 7. | സ്കൂളുകൾ കേന്ദ്രീകരിച്ച് ബോധവത്ക്കരണ പ്രവർത്തനം | | തത്സമയം | ഇല്ല |
| 8. | അംഗനവാടികൾ കേന്ദ്രീകരിച്ച് അമ്മമാർക്കുള്ള ബോധവത്ക്കരണം. | മാസത്തിൽ 1 ദിവസം | തത്സമയം | ഇല്ല |
| 9. | കുടുംബാസൂത്രണ പ്രവർത്തനം | | തത്സമയം | ഇല്ല |
| 10. | ഒപ്പും പകർപ്പും സാക്ഷ്യപ്പെടുത്തുക | ഒറിജിനൽ സർട്ടിഫിക്കറ്റുമായി ഡ്യൂട്ടിസമയത്ത് ഡോക്ടറെ നേരിട്ട് സമീപിക്കുക. | തത്സമയം | ഇല്ല |
| | **ആരോഗ്യ ഉപകേന്ദ്രം (ചെളിക്കുഴി, മാലൂർ, തെരുകുന്നേൽ)**<br>ഗർഭിണികളുടെ പരിശോധന, ഗർഭിണികൾക്കും കുട്ടികൾക്കുമുള്ള പ്രതിരോധകുത്തിവയ്പ്പ്, അയൺ, ഫോളിക് ആസിഡ്, വൈറ്റമിൻ എ, ഗുളികകൾ വിതരണം, കുടുംബാസൂത്രണ മാർഗ്ഗ നിർദ്ദേശങ്ങൾ, കോപ്പർടി, നിരോധ്, ഓറൽപിൽസ്, എന്നിവയുടെ വിതരണം, ഓ.ആർ.എസ് വിതരണം, ആരോഗ്യ ബോധവത്ക്കരണം | | | |

## ഐ.സി.ഡി.എസ്. പ്രോജക്ട് പ്രകാരം പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന സേവനങ്ങൾ.

| ക്രമ നമ്പർ | സേവനങ്ങളുടെ വിവരം | കാലപരിധി | ഫീസ് |
|---|---|---|---|
| 1. | 6 മാസം മുതൽ 3 വയസുവരെയുള്ളവർക്ക് ന്യൂട്രിമിക്സ് | 3 വയസ്സുവരെ | ഇല്ല |
| 2. | 3 വയസ്സുമുതൽ 6 വയസുവരെ പ്രീസ്കൂൾ വിദ്യാഭ്യാസം | സ്കൂളിൽ ചേർക്കുന്നതുവരെ | ഇല്ല |
| 3. | 3 വയസ്സുമുതൽ 6 വയസുവരെ കുട്ടികൾക്ക് 11 മണിക്ക് മോർണിംഗ് സ്നാക്സ് (പാൽ) ഉച്ചയ്ക്ക് അരിയും പയറും ചേർത്ത കഞ്ഞി, 3 മണിക്ക് പച്ചക്കറി ചേർത്ത ഉപ്പ്മാവ്, ആഴ്ചയിൽ 2 ദിവസം പായസം | സ്കൂളിൽ ചേർക്കുന്നതുവരെ | ഇല്ല |
| 4. | ഗർഭിണികളായ സ്ത്രീകൾക്ക് പച്ചക്കറി ചേർത്ത ഉപ്പുമാവും ആഴ്ചയിൽ രണ്ടു ദിവസം പായസവും. | പ്രസവിക്കുന്നതുവരെ | ഇല്ല |
| 5. | പാലൂട്ടുന്ന അമ്മമാർക്ക് ഉപ്പുമാവും ആഴ്ചയിൽ 2 ദിവസം പായസവും | പ്രസവിച്ച ദിവസം മുതൽ 6 മാസം വരെ | ഇല്ല |
| 6. | കൗമാരപ്രായക്കാരായ പെൺകുട്ടികൾക്ക് ഗോതമ്പുപൊടി 1.250 ഗ്രാം, റാഗിപൊടി 1.250 ഗ്രാം, ശർക്കര 500 ഗ്രാം വീട്ടിൽ കൊടുത്തുവിടുന്നു. ഇതിനു പുറമെ വീക് ബെയ്സ്ഡ് ന്യൂട്രീഷൻ പ്രോഗ്രാമിന്റെ ഭാഗമായി വർഷത്തിൽ 2 തവണ ഗോതമ്പ് | 10 വയസ്സു മുതൽ 18 വയസു തികയുന്നതുവരെ | ഇല്ല |
| 7. | 15 വയസു മുതൽ 45 വയസ്സുവരെയുള്ള സ്ത്രീകൾക്കും കൗമാര പ്രായക്കാരായ പെൺകുട്ടികൾക്കും ആരോഗ്യപോഷണ വിദ്യാഭ്യാസം | | |

സബല പദ്ധതിയുടെ ഭാഗമായി പഞ്ചായത്ത് തലത്തിൽ കൗമാരക്കാരായ പെൺകുട്ടികൾക്ക് പ്രായത്തിന് ആനുപാതികമായുള്ള വളർച്ചയും തൂക്കവും പരിശോധിക്കുകയും വേണ്ട മാർഗ്ഗനിർദ്ദേശങ്ങളും അയൺ ടാബ്ലെറ്റ് വിതരണവും നടത്തിവരുന്നു. കൂടാതെ ബോധവത്ക്കരണ ശില്പശാല മരുന്ന്, അംഗൻവാടികളിൽ നിന്ന് കൗമാരക്കാരായ പെൺകുട്ടികൾക്ക് വായിക്കുന്നതിനായി പുസ്തകങ്ങൾ എന്നിവയും നൽകിവരുന്നു.